**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **05-02-2026 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ; | (എ) | 13.10.2017 ലെ സ.ഉ (കൈ) നം. 88/2017/നി.വ പ്രകാരം നിലവിൽ വന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന്റെ അധികാര പരിധി നിർണയിച്ച് ഉത്തരവ് ആയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഇല്ല. |
| (സി) | നിലവിൽ എത്ര തസ്തികകൾ പ്രസ്തുത സ്ഥാപനത്തിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യകതമാക്കാമോ; | (സി) | 14 തസ്തികകൾ<br>എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ -1<br>എക്സൈസ് ഇൻസ്പെക്ടർ -1<br>പ്രിവന്റീവ് ഓഫീസർ -2<br>സിവിൽ എക്സൈസ് ഓഫീസർ -9<br>സിവിൽ എക്സൈസ് ഓഫീസർ (ഡ്രൈവർ) - 1 |
| (ഡി) | എക്സൈസ് വകുപ്പിന് വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | കാസർഗോഡ് ജില്ലാ കളക്ടറുടെ 2/2019 തീയതിയിലെ സി1-334/2019 നമ്പർ ഉത്തരവ് പ്രകാരം വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ റീ സർവെ നമ്പർ 155/പാർട്ടിൽ ഉൾപ്പെട്ട 0.1214 ഹെക്ടർ (0.30 ഏക്കർ) ഭൂമി വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിനായി ലഭ്യമായിട്ടുണ്ട്. അതോടൊപ്പം കാഞ്ഞങ്ങാട് സബ് കളക്ടറുടെ 16.12.2019 ലെ Ref. E 5797/2010 നമ്പർ ഉത്തരവ് പ്രകാരം വെള്ളരിക്കുണ്ട് താലൂക്കിൽ ബളാൽ വില്ലേജിൽ റീ സർവേ നമ്പർ 112/11 A1 -ൽപ്പെട്ട 0.0407 ഏക്കർ സ്ഥലം വെള്ളരിക്കുണ്ട് എക്സൈസ് ഓഫീസിനായി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഇ) | വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി DSR 2021 പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് എക്സൈസ് കമ്മീഷണർ നിർദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിന് കീഴിൽ റേഞ്ച് ഓഫീസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ റേഞ്ച് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | വെള്ളരിക്കുണ്ട് എക്സൈസ് സർക്കിൾ ഓഫീസിനു കീഴിൽ വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ